ഭരണഭാഷ - മാതൃഭാഷ

നം. TRY/2832/2021-C1

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം,
തീയതി: 01/10/2021

പ്രേഷകൻ

ട്രഷറി ഡയറക്ടർ

സ്വീകർത്താവ്

എല്ലാ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ/ സബ് ട്രഷറി /സ്റ്റാമ്പ് ഡിപ്പോ ഓഫീസർമാർക്കും

സർ,

വിഷയം: ട്രഷറി - ജീവനക്കാര്യം - മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് - മാർഗനിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

സൂചന : 1. സ.ഉ.(കൈ) നം. 145/2017/H&FWD തീയതി, 06.10.2017.
2. സ.ഉ.(കൈ) നം. 184/2017/H&FWD തീയതി, 15.12.2017.
3. സ.ഉ.(കൈ) നം. 122/2020/ധന തീയതി, 23/11/2020.

മേൽ വിഷയത്തിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. **വകുപ്പിലെ ജീവനക്കാർക്ക്** മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് അനുവദിച്ച് നൽകുന്നതുമായി ബന്ധപ്പെട്ട് നിരവധി സംശയങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ അപേക്ഷകൾ കൃത്യതയോടു കൂടി കൈകാര്യം ചെയ്യുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന നിർദേശങ്ങൾ നൽകുന്നു.

**സർക്കാർ ആശുപത്രിയിലെ ചികിത്സയാണെങ്കിൽ**

- 50,000/- രൂപ വരെയുള്ള അപേക്ഷകൾ ജില്ലാ ട്രഷറി ഓഫീസറുടെ പരിശോധനയ്ക്ക് ശേഷം അനുവദിക്കാവുന്നതാണ്.
- 50,000/- രൂപ മുതൽ 2,00,000/- രൂപ വരെയുള്ള അപേക്ഷകൾ ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസറുടെ പരിശോധനയ്ക്ക് ശേഷം ജില്ലാ ട്രഷറി ഓഫീസർക്ക് അനുവദിക്കാവുന്നതാണ്.

- 2,00,000/- രൂപയ്ക്ക് മുകളിൽ ഉള്ള അപേക്ഷകൾ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരിശോധനയ്ക്ക് സമർപ്പിക്കുന്നതിനും തുടർനടപടികൾക്കുമായി ഈ കാര്യാലയത്തിലേയ്ക്ക് സമർപ്പിയ്ക്കേണ്ടതാണ്. [*സൂചന 1*]

**<u>സർക്കാർ അംഗീകൃത പട്ടികയിൽ ഉൾപ്പെട്ട സ്വകാര്യ ആശുപത്രികളിലെ ചികിത്സയാണെങ്കിൽ</u>**

- സർക്കാർ എൻലിസ്റ്റ് ചെയ്ത ആശുപത്രികളിലെ ചികിത്സയ്ക്കുള്ള **എല്ലാ ക്ലയിമുകളും (പരിധി ബാധകമല്ല) അനുവദിക്കുന്നത് സർക്കാരായതിനാൽ *എല്ലാ അപേക്ഷകളും ഈ കാര്യാലയത്തിലേയ്ക്ക് അയയ്ക്കേണ്ടതാണ്.***

*{ഒരു ലക്ഷം രൂപ വരെയുള്ള അപേക്ഷകൾ ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസറുടെ പരിശോധനയ്ക്ക് ശേഷം ഈ കാര്യാലയത്തിലേയ്ക്ക് അയച്ചാൽ മതിയാകും. 1,00,000/- രൂപയ്ക്ക് മുകളിൽ ഉള്ള അപേക്ഷകൾ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരിശോധനയ്ക്ക വിധേയമാക്കുന്നതിനും തുടർനടപടികൾക്കുമായി ഈ കാര്യാലയത്തിലേയ്ക്ക സമർപ്പിയ്ക്കേണ്ടതാണ്.}*

- അപേക്ഷയോടൊപ്പം സർക്കാർ ആശുപത്രിയിൽ നിന്നുള്ള ഒ.പി ടിക്കറ്റ്, സർക്കാർ ആശുപത്രിയിലെ ഡോക്ടർ റഫർ ചെയ്തുകൊണ്ടുള്ള റഫറൽ ലെറ്റർ **(**മെഡിക്കൽ ഓഫീസർ ഒപ്പിട്ട് DMO കൗണ്ടർ സൈൻ ചെയ്ത APPENDIX II**)** എന്നിവ ഹാജരാക്കേണ്ടതാണ്. {സൂചന 2 ഉത്തരവിൽ അനുബന്ധമായി ചേർത്തിരിക്കുന്ന അടിയന്തിര ചികിത്സ ആവശ്യമായ രോഗങ്ങൾക്ക് ഒഴികെ}

സർക്കാർ അംഗീകൃത സ്വകാര്യ ആശുപത്രിയിലെ ചികിത്സയ്ക്ക് ആരോഗ്യ വകുപ്പ് ഡയറക്ടർ / ജില്ലാ മെഡിക്കൽ ഓഫീസർ അനുവദിക്കാമെന്ന് അറിയിക്കുന്ന